


***ഷിർദ്ദിയിലേക്കാകർഷിക്കപ്പെട്ട കുരുവികൾ –1) ലക്ഷ്മിചന്ദ് 2) ബർഹാംപൂർക്കാരിയായ സ്ത്രീ 3) മേഘ***

## മുഖവുര

സായി സീമാബദ്ധനല്ല. ബ്രഹ്മാവുതൊട്ട് ഉറുമ്പ് കൃമി മുതലായതിലെല്ലാം അദ്ദേഹം കുടികൊള്ളുന്നു. എല്ലാറ്റിലും വ്യാപൃതനായിരിക്കുന്നു. സായി എല്ലാ വേദങ്ങളും അറിയുന്നവനും ബ്രഹ്മജ്ഞാനിയുമാണ്. അതുകാരണത്താൽ ബാബ തികച്ചും ഒരു സദ്ഗുരുവാകാൻ യോഗ്യനായി. എത്ര പണ്ഡിതനായാലും ശിഷ്യന് ആത്മജ്ഞാനം കൈവരിക്കാനുള്ള മാർഗ്ഗം അറിയാത്തവൻ സദ്ഗുരുവാകില്ല. പിതാവ് ശരീരത്തിന് ജന്മകൊടുക്കുന്നു. ജീവിതത്തെ മരണം പിന്തുടരുന്നു. പക്ഷെ സദ്ഗുരു ജനനമരണങ്ങൾ അവസാനിപ്പിക്കുന്നതിനാൽ എല്ലാരിലും വെച്ച് ഏറ്റവും ദയാപരനാണ്.

സായി ബാബ പറയാറുണ്ട് 'എന്റെ ആൾ 3000 നാഴിക ദൂരെയായാലും കാലിൽ ചരടുകെട്ടിവിട്ട പക്ഷിയെപ്പോലെ ഞാനെന്റ അടുക്കലേക്ക് വലിച്ചുകൊണ്ടുവരും' എന്ന്, ഈ അദ്ധ്യായം അത്തരം ആകർഷിക്കപ്പെട്ട ചില കിളികളുടെ കഥകളെപ്പറ്റി പറയുന്നു.

**1) ലാലാ ലക്ഷ്മീചന്ദ്**

ഈ മാന്യൻ ആദ്യം ബോംബെയിലെ ശ്രീ വെങ്കിടേശ്വര പ്രസ്സിലും, പിന്നീട് റെയിൽവെ ഡിപ്പാർട്ടുമെന്റിലും അവസാനം മെസ്സേർസ് റാലി ബ്രദേഴ്സ് ഏന്റ് കമ്പനിയിലും ക്ലാർക്കായി ജോലിചെയ്തിരുന്നു. അയാൾക്ക് 1910-ൽ ബാബയെ സന്ദർശിക്കാൻ കഴിഞ്ഞു. ഒരു ക്രിസ്തു മസ്സവധിക്ക് ഒന്നു-ഒന്നര മാസത്തിനു മുമ്പ് സ്വപ്നത്തിൽ ഒരു താടിക്കാരൻ വയസ്സനെയും അയാളുടെ ചുറ്റും കുറെ ഭക്തന്മാരെയും കണ്ടു കുറച്ചു ദിവസം കഴിഞ്ഞ അയാൾ ദാസ്ഗനുവിന്റെ കീർത്തനം കേൾക്കാൻ, അയാളുടെ സുഹൃത്ത്ദത്താത്രേയ മഞ്ജുനാഥ് ബിജ്ജുവിന്റെ വീട്ടിൽപോയി ദാസ്ഗനു സാധാരണ കീർത്തന സമയത്ത് ബാബയുടെ ഒരു ഫോട്ടോ വെക്കൽ പതിവുണ്ട് ആ ചിത്രം കണ്ടപ്പോൾ ലക്ഷ്മി ചന്ദിന് അയാൾ സ്വപ്നത്തിൽ കണ്ടത് സായിബാബയാണെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ ചിത്രം കാണലും ദാസ്ഗനുവിന്റെ കീർത്തനവും തുക്കാറാമിന്റെ ജീവിതത്തെപ്പറ്റി ദാസ്ഗനുവിന്റെ വിവരണം എല്ലാം കേട്ട് അയാൾക്ക് ഷിർദ്ദിക്ക് പോകാൻ അതിയായ ആശ ജനിച്ചു. സാധാരണ ഭക്തന്മാർക്ക് ഭഗവാൻ സദ്ഗുരുവിനെ കാണിച്ചുകൊടുക്കുന്നു എന്നത് ഒരു സത്യമാണ്. അന്നു രാത്രി തന്നെ ഒരു സുഹൃത്ത് ശങ്കർറാവ് 8 മണിക്ക് വാതില്ക്കൽ വന്നുമുട്ടി, അയാളോട് ഷിർദ്ദിക്ക് വരുന്നുവോ എന്നുചോദിച്ചു. അയാൾ സന്തുഷ്ടനായി ഉടനെ ഷിർദ്ദിക്ക് പോകാൻ ഒരുങ്ങി.

ഒരു ബന്ധുവിന്റെ കയ്യിൽ നിന്ന് 15ക. കടം വാങ്ങി തയ്യാറായി ഷിർദ്ദിക്ക് പുറപ്പെട്ടു. വണ്ടിയിൽ അവർ കുറെ ഭജന പാടി. പിന്നെ ഷിർദ്ദിക്ക് അടുത്ത് നാട്ടിലേക്കു മടങ്ങുന്ന നാലു മുഹമ്മദീയരോട് സായിബാബയെ പറ്റി അന്വേഷിച്ചു. അവർ സായിബാബ, ഒരു മഹായോഗിയാണെന്നും കുറെ കാലമായി ഷിർദ്ദിയിൽ താമസമാണെന്നും പറഞ്ഞു. കോർപ്പഗാവോണിലെത്തിയപ്പോൾ ബാബക്ക് കുറെ ബേരിപ്പഴം വാങ്ങാനാലോചിച്ചത്, അവിടത്തെ കാഴ്ചകൾ കണ്ടും മറ്റും മറന്നുപോയി. ഷിർദ്ദി സമീപിക്കാറയാപ്പോൾ പഴത്തിന്റെ കാര്യം ഓർമ്മവന്നു. അപ്പോഴേക്കും ഒരു വൃദ്ധ ഒരു കുട്ട പഴം തലയിൽവെച്ച് കുതിരവണ്ടിക്കടുത്തേക്ക് ഓടി വരുന്നതുകണ്ടു. അതിൽ നിന്ന് നല്ല കുറെപഴം വാങ്ങി. അപ്പോൾ ആ സ്ത്രീ, 'എല്ലാ പഴവും എടുത്ത് ബാക്കി എനിക്കുവേണ്ടി ബാബക്ക് കൊടുത്താലും എന്നു പറഞ്ഞു. പഴം മറന്നതും ഇങ്ങനെ വാങ്ങാൻ കഴിഞ്ഞതും വൃദ്ധക്ക് ബാബയോടുള്ള ഭക്തിയും എല്ലാം അവർക്ക് അതിശയകരാമയി തോന്നി. ലക്ഷ്മീചന്ദ് കരുതിയത് ആ വൃദ്ധ, താൻ സ്വപ്നത്തിൽകണ്ട വയസ്സന്റെ വല്ല ബന്ധുവുമായിരിക്കും എന്നാണ്. അങ്ങിനെ അവർ ഷിർദ്ദിയിലേക്ക് പോന്നു. വഴിക്കുവെച്ച് മസ്ജിദ്ദിലെ കൊടിക്കൂറ കണ്ട് അവർ വന്ദിച്ചു. പൂജാസാമഗ്രികളെല്ലാം വാങ്ങി അവർ ബാബയെ ദർശനം ചെയ്ത് ആരാധിച്ചു. ലക്ഷ്മീചന്ദ് ബാബയെ കണ്ട് അതീവ സന്തുഷ്ടനായി. ഒരു വണ്ട് താമരപ്പൂവിനെയെന്നപോലെ അയാൾ ബാബയുടെ പാദത്തിൽ കടന്നുപിടിച്ചു അപ്പോൾ ബാബ ഇപ്രകാരം പറഞ്ഞു: 'സൂത്രക്കാരൻ, അവൻ വഴിക്ക് ഭജന ചൊല്ലും. എന്നിട്ട് ആളുകളോടന്വേഷിക്കും. എന്തിനു മറ്റുള്ളവരോട് ചോദിക്കുന്നു? എല്ലാ നമ്മുടെ സ്വന്തം കണ്ണുകൊണ്ട് കാണണം. നിന്റെ സ്വപ്നം ശരിയോ അല്ലയോ

എന്ന് ആലോചിച്ചാൽ പോരെ. ഒരു മാർവാടിയോട് കടംവാങ്ങി ദർശനത്തിന് വരാനെന്തായിരുന്നു ആവശ്യം? ഇപ്പോൾ ഹൃദയത്തിലെ ആഗ്രഹം സാധിച്ചില്ലെ?‘

ഈ വാക്കുകൾ കേട്ട് ബാബയുടെ സർവ്വാന്തര്യാമിത്വം ബോദ്ധ്യമായി ലക്ഷ്മീചന്ദ് അതിശയിച്ചുപോയി. വഴിക്കുവെച്ചുണ്ടായ സംഗതികൾ എങ്ങനെ ബാബ അറിഞ്ഞു എന്നയാൾക്കു മനസ്സിലായില്ല. ഇതിൽ പ്രധാനകാര്യം ബാബദർശനത്തിന്നോ, പുണ്യദിവസം കൊണ്ടാടുന്നതിനോ തീർത്ഥാടനത്തിന്നോ, കടം വാങ്ങുന്നത് ബാബ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതാണ്.

**സൻസാ**

ഉച്ചക്ക് ലക്ഷമീചന്ദ് ഭക്ഷണത്തിന്നിരിക്കുമ്പോൾ അയാൾക്ക് ഒരു ഭക്തനിൽ നിന്ന് കുറച്ചു സൻസാ (ഗോതമ്പുപ്പായസം) പ്രസാദമായി കിട്ടി. അയാൾ വളരെ സന്തോഷിച്ചു പിറ്റെന്നും സൻസാ കിട്ടുമെന്നു കരുതി. പക്ഷെ കിട്ടിയില്ല. അടുത്ത ദിവസം ഉച്ചക്കുള്ള ആരതിക്ക് ശേഷം ബാബക്ക് എന്ത് നൈവേദ്യമാണ് കൊണ്ടുവരേണ്ടതെന്ന് ബാപ്പുസാഹെബ് ജോഗ് ചോദിച്ചു. ബാബ സൻസാ കൊണ്ടുവരാൻ പറഞ്ഞു. ഭക്തൻമാർ രണ്ടു വലിയ പാത്രം നിറയെ സൻസാ കൊണ്ടുവന്നു. ലക്ഷ്മീ ചന്ദിനും വിശപ്പും പുറത്ത് വേദനയുമുണ്ടായിരുന്നു. ബാബ പറഞ്ഞു: ‘വിശക്കുന്നത് നല്ലതാണ്. സൻസാ കഴിച്ചോളൂ. പുറം വേദനക്ക് എന്തെങ്കിലും മരുന്നുംകഴിക്കൂ‘ അപ്പോഴും അയാളുടെ മനസ്സിലുള്ളത് ബാബ അറിഞ്ഞതിൽ അയാൾ അതിശയിച്ചു. എത്രമാത്രം സർവ്വാന്തര്യമിയാണ് ബാബ എന്നു നോക്കുക!

**1) കരിങ്കണ്ണ്**

ഈ അവസരത്തിൽ ലക്ഷ്മീചന്ദ് ചാവടിയിലേക്കുള്ള എഴുന്നള്ളിപ്പ് കണ്ടു. അന്നേരം ബാബ വല്ലാതെ ചുമച്ചിരുന്നു. അയാൾ കരുതി ബാബയുടെ ചുമ ആരുടെയോ കരിങ്കണ്ണു കാരണമാണെന്ന്. പിറ്റെന്നയാൾ മസ്ജിദ്ദിൽപോയപ്പോൾ ബാബ ശാമയെ വിളിച്ചു പറഞ്ഞു. 'ഇന്നലെ രാത്രി ഞാൻ വല്ലാതെ ചുമച്ചു. അത് കരിങ്കണ്ണു പറ്റിയതാണോ? ആരുടെയോ കരിങ്കണ്ണുകൊണ്ടാണ് ഞാൻ ചുമയ്ക്കുന്നതെന്നാണ് തോന്നുന്നത്' ബാബ ലക്ഷ്മീചന്ദ് വിചാരിച്ചത് പറഞ്ഞതാണ് അത്.

ഇതെല്ലാം കണ്ട് ബാബയെപ്പറ്റി പരമാത്മാവാണെന്ന് ബോദ്ധ്യപ്പെട്ട് ആയാൾ കാൽക്കൽവീണു പറഞ്ഞു: 'ഞാൻ ദർശനം കൊണ്ട് കൃതാർത്ഥനായി. എന്നോട് കനിവുണ്ടായി രക്ഷിക്കണം. അവിടുത്തെ പാദങ്ങളില്ലാതെ എനിക്കു മറ്റൊരു ദൈവമില്ല. എന്റെ മനസ്സ് അവിടുത്തെ ഭജനയിലും പാദങ്ങളിലും മാത്രം വ്യാപൃതമാവട്ടെ. അവിടുത്തെ ദയ എന്നെ എല്ലാ കഷ്ടതകളിൽ നിന്നും രക്ഷിക്കട്ടെ. എനിക്ക് സദാ അവിടുത്തെ നാമം ജപിക്കാൻ കഴിയുമാറാവട്ടെ'.

ബാബയുടെ ഉധിയും അനുഗ്രഹവും വാങ്ങി സ്നേഹിതനോടൊപ്പം അയാൾ വീട്ടിലേക്കു മടങ്ങി, തൃപ്തനായി വഴി നീളെ ബാബയെപറ്റി കീർത്തിച്ചു. പിന്നീട് എല്ലായ്പ്പോഴും ബാബയുടെ പരമഭക്തനായിരുന്നു. ആർ അടുത്ത പ്രദേശത്തുനിന്ന് ഷിർദ്ദിക്കു വരുമ്പോഴും അയാൾ ദക്ഷിണയും കർപ്പൂരവും മാലകളും അയച്ചുകൊണ്ടിരുന്നു.

**2) ബർഹാംപൂർക്കാരി**

ഇനി മറ്റൊരു കിളിയെപറ്റി കേൾക്കുക. ബർഹാംപൂരിലെ ഒരു സ്ത്രീ, സ്വപ്നത്തിൽ ബാബ വന്ന് കിച്ചടി യാചിക്കുന്നതായി

കണ്ടു. ഉണർന്നു നോക്കിയപ്പോൾ ആരെയും കണ്ടില്ല. ഈ സ്വപ്നംകണ്ട് സന്തുഷ്ടയായി അവർ ഭർത്താവിനോടും മറ്റ് എല്ലാവരോടും വിവരം പറഞ്ഞു. അയാൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലിക്കാരാനായിരുന്നു. അയാൾക്ക് അക്കാലയിലേക്ക് മാറ്റം കിട്ടിയപ്പോൾ ഭാര്യയും ഭർത്താവും കൂടി ഷിർദ്ദിയിലേക്ക് പോവാൻ തീർച്ചപ്പെടുത്തി. ഒരു ദിവസം ഷിർദ്ദിക്കു പുറപ്പെട്ട് വഴിക്കുവെച്ച് ഗോമതീതീർത്ഥം സന്ദർശിച്ച് ഷിർദ്ദിയിലെത്തി അവിടെ രണ്ടു മാസം താമസിച്ചു. എല്ലാ ദിവസവും മസ്ജിദ്ദിൽ പോയി ബാബയെ ആരാധിച്ച് സന്തോഷമായി കഴിഞ്ഞുകൂടി. അവർ ബാബക്ക്, കിച്ചടി നൈവേദ്യം കൊടുക്കാൻ വന്നതായിരുന്നു. പക്ഷെ ആദ്യത്തെ പതിനാലു ദിവസം അതിന് സാധിച്ചില്ല സ്ത്രീക്ക് ഈ അമാന്തം തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. 15-ാം ദിവസം ഉച്ചക്ക് കിച്ചടിയുമായി അവർ മസ്ജിദ്ദിൽ വന്നു. അപ്പോൾ ബാബയും മറ്റുള്ളവരും ഭക്ഷണത്തിന്നിരുന്നതായും മറശ്ശീല താഴ്ത്തിയിട്ടതുമായാണ് കണ്ടത്. ആരും മറശ്ശീല താഴ്ത്തിയാൽ പ്രവേശിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷെ ആയമ്മക്ക് അതൊന്നും അറിഞ്ഞിരുന്നില്ല. അവർകർട്ടൻ പൊന്തിച്ചകത്ത് കടന്നു. അന്ന് ബാബക്ക് കിച്ചടിവേണമെന്ന് പറഞ്ഞിരുന്നു. കിച്ചടി കണ്ട ഉടനെ ബാബ അതുവാങ്ങി വാരിവാരി കഴിക്കാൻ തുടങ്ങി. ഇതുകണ്ട് എല്ലാവരും അതിശയിക്കുകയും ഭക്തന്മാരോടുള്ള ബാബയുടെ പ്രേമത്തെപറ്റി അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു.

**മേഘ**

ഇനി മൂന്നാമത്തെയും ഏറ്റവും വലുതുമാതയ കിളിയെപറ്റി നോക്കാം. വീരം ഗാവോണിലെ മേഘ, അക്ഷരാഭ്യാസം പോലുമില്ലാത്ത ശുദ്ധഗതിക്കാരനായ ബ്രാഹ്മണനും റാവുബഹദൂർ സതെയുടെ പാചക വേലക്കാരനു മായിരുന്നു.

അയാൾ ശിവഭക്തനായതു കൊണ്ട് സദാ നേരവും 'നമഃ ശിവായ' എന്നു ജപിക്കുമായിരുന്നു. അയാൾക്ക് സന്ധ്യാവന്ദനമോ ഗായത്രിയോ ഒന്നും അറിയില്ലായിരുന്നു. റാവുബഹദൂർ സാതെ അയാളിൽ തല്പരനായി സന്ധ്യാ വന്ദനവും ഗായത്രിയും പഠിപ്പിച്ചു സാതെ അയാളോട് ഷിർദ്ദിയിലെ സായിബാബ, ശിവാവതാരമാണെന്ന് പറഞ്ഞ് അയാളെ ഷിർദ്ദിയിലെക്ക് പുറപ്പെടുവിപ്പിച്ചു. ബ്രോച്ച് റെയിൽവെ സ്റ്റേഷനിൽവെച്ച് സായിബാബ മുസ്ലിമാണെന്ന് കേട്ടപ്പോൾ അയാളുടെ ശുദ്ധഗതിയും യാഥാസ്ഥിതികത്വവും കാരണം ഒരു മുസ്ലീമിനെ വണങ്ങുന്ന കാര്യത്തിൽ നന്നെവിഷമം തോന്നി. എന്നിട്ട് യജമാനനോട് തന്നെ അങ്ങോട്ടയക്കരുതെന്നപേക്ഷിച്ചു. സതെ അയാളെ നിർബന്ധിച്ച് അയാളുടെ ഭാര്യപിതാവായ ഷിർദ്ദിയിലെ ദാദാകേൽക്കർക്ക് ഒരു കത്തുംകൊടുത്ത് അയച്ചു. അയാൾ ഷിർദ്ദിയിലെത്തി മസ്ജിദിൽ ചെന്നപ്പോൾ ബാബ കോപിച്ച് അയാളെ ഉള്ളിൽ കയറാൻ സമ്മതിക്കാതെ അലറി' ആ കള്ളനെ ചവുട്ടി പുറത്താക്കുവിൻ' എന്നിട്ട് ബാബ മേഘലയോട് പറഞ്ഞു. 'നീ മുന്തിയ ബ്രാഹ്മണനും ഞാൻ താണതരം മുസ്ലീമും! നീയിവിടെ വന്നാൽ ജാതി നഷ്ടപ്പെടും. അതുകൊണ്ട് കടന്ന് പോ' ഈ വാക്കുകൾ കേട്ട് മേഘ പേടിച്ച് വിറച്ചു. അയാളുടെ മനസ്സിലുള്ളത് എങ്ങിനെ ബാബ അറിഞ്ഞു എന്നാണ് അയാളുടെ അതിശയം. കുറച്ചുദിവസം അവിടെ അയാൾ ബാബയെ അയാൾ ഇഷ്ടപ്പെട്ടവണ്ണം പരിചരിച്ചു കൂടിയും ബോദ്ധ്യം വന്നില്ല. പിന്നീട് അയാൾ വീട്ടിൽ പോവുകയും അതിന്നുശേഷം നാസിക്കിലെ ത്ര്യംബക്കിൽ ഒന്നരക്കൊല്ലം താമസിക്കുകയും ചെയ്തു. വീണ്ടും അയാൾ ഷിർദ്ദിയിലേക്ക് മടങ്ങി. ഇത്തവണ ദാഭോൽക്കർ ഇടപെട്ടതുകൊണ്ട് മസ്ജിദ്ദിൽ പ്രവേശിക്കാനനുവദിക്കുകയും അങ്ങിനെ ഷിർദ്ദിയിൽ

താമസിക്കുകയും ചെയ്തു. സായിബാബ, മേഘയെ സഹായിച്ചത് വാക്കാൽ ഉപദേശം കൊടുത്തി ട്ടായിരുന്നില്ല. ബാബ മേഘയിൽ ആന്തരികമായി പ്രവൃത്തിച്ച് അയാളിൽ പല മാറ്റങ്ങളും വരുത്തി പല നേട്ടങ്ങളും കൊടുത്തു. അങ്ങിനെ മേഘ, സായിബാബയെ ശിവാവതാരമായി കണക്കാക്കുവാൻ തുടങ്ങി. ശിവപൂജക്ക് കൂവളത്തില വേണമല്ലോ. മേഘ, നാഴികകണക്കിന് നടന്നുപോയി കൂവളഇലകൊണ്ടുവന്ന് അയാളുടെ ശിവനെ (ബാബയെ) പൂജിക്കും. അയാളുടെ പതിവ് എങ്ങിനെ എന്നുവെച്ചാൽ ഗ്രാമത്തിലെ എല്ലാ ദേവന്മാരെയും ആരാധിച്ച് മസ്ജിദ്ദിൽ വന്ന് ബാബയുടെ അടുക്കൽ കുമ്പിട്ട് ബാബയുടെ കാൽ തലോടികൊടുത്ത് പാദതീർത്ഥം കഴിക്കും. ഒരിക്കൽ ഖണ്ഡോബാക്ഷേത്രം അടച്ചിരുന്നതിനാൽ അവിടെ തൊഴാതെ അയാൾ മസ്ജിദ്ദിൽ വന്നു. ബാബ ആരാധന സ്വീകരിക്കാതെ ക്ഷേത്രത്തിന്റെ നട അപ്പോൾ തുറന്നിട്ടുണ്ടെന്ന് പറഞ്ഞു വീണ്ടും മടക്കി അയച്ചു. മേഘപോയി നോക്കിയപ്പോൾ നട തുറന്നിട്ടുണ്ട്. അവിടെ തൊഴുത് വീണ്ടും പതിവുപോലെ ബാബയുടെ അടുക്കൽ വന്നു.

**ഗംഗാസ്നാനം**

ഒരു മകരസംക്രമത്തിന് മേഘക്ക് ബാബയുടെ ദേഹം ചന്ദനം പൂശിഗംഗാജലത്തിൽ കുളിപ്പിക്കണമെന്നാഗ്രഹം തോന്നി. ബാബ ആദ്യം സമ്മതിച്ചില്ലെങ്കിലും വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോൾ അനുവാദം കൊടുത്തു. മേഘക്ക് അങ്ങോട്ടുമിങ്ങോട്ടും കൂടി 24 നാഴിക നടന്നാലേ ഗോമതിനദിയിൽ നിന്ന് ജലം കൊണ്ടുവരാൻ കഴിയൂ. അയാൾ ജലം കൊണ്ടുവന്ന് എല്ലാ ഏർപ്പാടും ചെയ്ത് ബാബയോട് സ്നാനത്തിന് തയ്യാറാവൻ അപേക്ഷിച്ചു. ബാബ, തന്നെ അതിൽ നിന്നൊഴിവാക്കാനും ഒരു ഫക്കീറെന്ന നിലക്ക് ഗംഗാ

ജലവുമായി തനിക്കൊരു ബന്ധവുമില്ലെന്നും പറഞ്ഞു നോക്കി. പക്ഷെ മേഘ അതൊന്നും ശ്രദ്ധിച്ചില്ല. അയാൾക്കറിയാം ശിവൻ ഗംഗാസ്നാനം കൊണ്ട് സന്തുഷ്ടനാവുന്നു എന്ന്. അതുകൊണ്ട് അയാളുടെ ശിവനെ ആ പുണ്യദിവസം ഗംഗാസ്നാനം ചെയ്യിച്ചെ തീരൂ. ബാബ അവസാനം സമ്മതിച്ച് ഒരു പലകയിലിരുന്ന് തലമുന്നോട്ട് നീട്ടിപറഞ്ഞു. 'ഓ മേഘ! ഒരൊറ്റ സഹായമെങ്കിലും ചെയ്യണം. ശിരസ്സാണല്ലോ ദേഹത്തിലെ ഉത്തമാംഗം. അതുകൊണ്ട് ശിരസ്സിൽമാത്രം വെള്ളം ഒഴിച്ചാൽ മതി. അത് ദേഹം മുഴുവൻ കുളിച്ചതിന് സമമാണ്' ശരി എന്ന് പറഞ്ഞ് മേഘ കുടമെടുത്ത് വെള്ളമൊഴിക്കാൻ തുടങ്ങുകയും സ്നേഹാധിക്യംകൊണ്ട് 'ഹർഗംഗേ' എന്ന് പറഞ്ഞു മേലാകെകൂടി വെള്ളമൊഴിക്കുകയും ചെയ്തു. പാത്രം താഴെവെച്ച് ബാബയെ നോക്കിയപ്പോൾ, അതിശയമെന്ന് പറയട്ടെ ബാബയുടെ തലമാത്രമെ നനഞ്ഞിട്ടുള്ളു. ദേഹം നനഞ്ഞിട്ടെ ഇല്ല.

## ത്രിശൂലവും ലിംഗവും

മേഘ, ബാബയെ രണ്ട് സ്ഥലങ്ങളിൽവെച്ച് ആരാധിച്ചു. മസ്ജിദിൽ നേരിട്ടും വാഡയിൽ നാനാസാഹെബ് ചന്ദോർക്കർ കൊടുത്ത ബാബയുടെ ഒരു വലിയ ചിത്രത്തെയും. ഇങ്ങിനെ 12 മാസത്തോളം അയാൾ ചെയ്തു. അപ്പോൾ അയാളുടെ ഭക്തി ഉറപ്പിക്കാനും ആസ്വാദിക്കാനുമായി ബാബ ഒരു ദർശനം കൊടുത്തു. ഒരു പ്രഭാതത്തിൽ മേഘ കിടക്കയിൽ കണ്ണടച്ചു കിടക്കുകയായിരുന്നു. പക്ഷെ നല്ലപോലെ ഉണർന്നു കഴിഞ്ഞിരുന്നു. അപ്പോൾ അയാൾ ബാബയുടെ രൂപം വ്യക്തമായി കണ്ടു. ബാബ അയാൾ ഉണർന്നിരിക്കയാണെന്നറിഞ്ഞ് അയാളുടെ ദേഹത്തിൽ അരിമണി കുങ്കുമത്തിലിട്ട അക്ഷതം എറിഞ്ഞു ഇങ്ങിനെ പറഞ്ഞു: 'മേഘ!

ഒരു ത്രിശൂലം വരക്കൂ‘ ബാബ അപ്രത്യക്ഷനാവുകയും ചെയ്തു. ബാബയുടെ വാക്കുകേട്ട് കണ്ണുതുറന്നപ്പോൾ ബാബയെ കണ്ടില്ല പക്ഷേ, അക്ഷതം അവിടെ കിടക്കുന്നുണ്ട്. അയാൾ ബാബയുടെ അടുക്കൽ പോയി ഈ ദർശനത്തെപറ്റി പറയുകയും ത്രിശൂലം വരക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. ബാബ അതിന്ന് ഇങ്ങിനെ മറുപടി പറഞ്ഞു: ‘ഞാൻ നിന്നോട് ത്രിശൂലം വരക്കാൻ പറഞ്ഞ എന്റെ വാക്കുകൾ നീ കേട്ടില്ലെ? അത് ദർശനമല്ല നേരിട്ടുള്ള കൽപനയാണ്. എന്റെ വാക്കുകൾ അർത്ഥഗർഭമാണ്. ഒരിക്കലും വെറും വാക്കുകളല്ല‘ മേഘ പറഞ്ഞു. ‘ഞാൻ കരുതി അവിടുന്നെന്നെ ഉണർത്തി എന്ന്. എല്ലാ വാതിലുകളും അടച്ചിരുന്നു. അതുകൊണ്ട് അതൊരു ദർശനമാണെന്ന് കരുതി‘. ബാബ തുടർന്നു പറഞ്ഞു: ‘ എനിക്ക് പ്രവേശിക്കാൻ വാതിൽ ആവശ്യമില്ല. എനിക്കു ആകൃതിയോ വിസ്തൃതിയോ ഇല്ല. ഞാൻ സദാ സർവ്വാന്തര്യാമിയാണ്. ഞാൻ സൂത്രധാരനപ്പോലെ എന്നെ വിശ്വാസിച്ച് എന്നിൽ ലയിക്കുന്നവരുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നു’.

മേഘ ഉടനെ വാഡയിലേക്ക് മടങ്ങി വന്ന് ബാബയുടെ ചിത്രത്തിനടുത്തായി ചുമരിൽ ചുകന്ന നിറത്തിൽ ഒരു ത്രിശൂലം വരച്ചു അടുത്തദിവസം ബോംബെയിൽനിന്ന് ഒരു രാമദാസി ഭക്തൻ വന്ന് ബാബയെ വണങ്ങി ഒരു ലിംഗം ബാബക്കു കൊടുത്തു. അന്നേരം മേഘയും അവിടെ വന്നു. ബാബ പറഞ്ഞു: ‘നോക്കൂ: ശങ്കരൻ വന്നിരിക്കുന്നു. അദ്ദേഹത്തെ വേണ്ടപോലെ നോക്കണം’. മേഘ ഇത് കണ്ട് ത്രിശൂലത്തോടുകൂടി ശിവലിംഗവും വന്നതിൽ ആശ്ചര്യപ്പെട്ടു. വാഡയിൽ അതേസമയം കാക്കാസാഹെബ് ദീക്ഷിത് കുളികഴിഞ്ഞ് തലയിൽ ഒരു തോർത്തും കെട്ടി ബാബയെ നമസ്കരിച്ച് നില്ക്കയായിരുന്നു. അയാൾ മനസ്സിൽ ഒരു ശിവലിംഗം കണ്ടു.

അയാൾ അതിശയിച്ചു നിൽക്കുമ്പോൾ മേഘ തനിക്ക് ബാബകൊടുത്ത ആ ശിവലിംഗം കൊണ്ടുവന്ന്, അയാൾക്ക് കാണിച്ചു. ദീക്ഷിത് അതു കണ്ടപ്പോൾ താൻ നിമിഷങ്ങൾക്ക് മുമ്പ് മനസ്സിൽ കണ്ട അതേ ശിവലിംഗ മാണിതെന്ന് അയാൾക്ക് ബോദ്ധ്യമായി. ത്രിശൂലം വരച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം ബാബ തന്റെ ചിത്രത്തിനടുത്ത് ആ ശിവലിംഗവും പ്രതിഷ്ഠിച്ചു. അങ്ങിനെ മേഘയുടെ ശിവപൂജ ഈ ത്രിശൂലവും ശിവലിംഗവും കൂടി ആയപ്പോൾ പൂർണ്ണമാവുകയും അയാളുടെ ഭക്തി ബാബ സ്ഥിരപ്പെടു ത്തുകയും ചെയ്തു.

അങ്ങിനെ വളരെക്കാലം ബാബയെ സേവിച്ചും പരിചരിച്ചും സ്ഥിരമായി മദ്ധ്യാഹ്ന ആരതിയും സായന്തന ആരതിയും നടത്തിയും വന്ന മേഘ 1912 ൽ അന്ത്യശ്വാസം വലിച്ചു. അപ്പോൾ ബാബ അയാളുടെ ശവശരീരം തലോടി കണ്ണീരൊലിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇതെന്റെ ഒരു യഥാർത്ഥ ഭക്തനായിരുന്നു'.ബാബ തന്റെ സ്വന്തം ചിലവിൽ ശവദാഹശേഷം ബ്രാഹ്മണസദ്യ നടത്താൻ കല്പിക്കുകയും ആ കൽപന കാക്കാസാഹെബ് ദീക്ഷിതിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും ചെയ്തു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!